"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭക്ഷ്യ പൊതുവിതരണ വകുപ്പ് -"Assistance to State Agencies for FPS Dealers Margin and FPS Dealers Additional Margin under NFSA, 2013" പദ്ധതി ഘടകത്തിന് 2024-25 സാമ്പത്തികവർഷം ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് ഭരണാനുമതി നൽകിയും 2024 ജൂലൈ മാസം വരെ റേഷൻ വ്യാപാരിക്കമ്മീഷൻ വിതരണം ചെയ്ത പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ നടപടിക്രമങ്ങൾ സാധൂകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃ (ബി )വകുപ്പ്

സ.ഉ.(സാധാ) നം.385/2024/F&CS തീയതി,തിരുവനന്തപുരം, 30-11-2024

---

പരാമർശം:-

1. സ.ഉ(കൈ)നം.29/17/ഭപൊവി.വ, തീയതി 10/11/2017.
2. സ.ഉ(കൈ)നം.46/2018//ഭപൊവി.വ, തീയതി 30/11/2018.
3. സ.ഉ (സാധാ )നം.3771/2024/ധന തീയതി 02.05.2024.
4. സ.ഉ (സാധാ )നം.4485/2024/ധന തീയതി 06.06.2024.
5. സ.ഉ (സാധാ )നം.155/2024 ഭപൊവിവ തീയതി 24.06.2024.
6. സ.ഉ (സാധാ )നം.316/2024 ഭപൊവിവ തീയതി 01/10/2024
7. സ.ഉ (സാധാ )നം.357/2024/ ഭപൊവിവ തീയതി 06/11/2024
8. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 08/05/2024,12/06/2024,14/07/2024,12/08/2024 തീയതികളിലെ CCS/2979/2024-A9 നമ്പർ നടപടിക്രമങ്ങൾ.
9. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 21/06/2024, 03/09/2024 തീയതികളിലെ CCS/2763/2023-H3 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

നടപ്പ് സാമ്പത്തിക വർഷത്തിൽ, "FPS Dealers Margin and FPS Dealers Additional Margin under NFSA, 2013" - എന്ന പദ്ധതി ഘടകങ്ങൾക്ക്, കേന്ദ്ര(2408-01-101-91-01), സംസ്ഥാന(2408-01-101-91-02), അധിക സംസ്ഥാന(2408-01-101-91-03) ശീർഷകങ്ങളിൽ യഥാക്രമം 53 കോടി, 53 കോടി, 159 കോടി രൂപ വീതം ആകെ 265 കോടി രൂപ പരാമർശം 3, 4 പ്രകാരം വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ PFMS SNA മുഖേന വിതരണം നടത്തുന്നതിന് പരാമർശം (5) പ്രകാരം അനുമതി നൽകിയിരുന്നു. 2024

ഏപ്രിൽ മുതൽ ജൂലൈ മാസം വരെയുള്ള കാലയളവിലെ അധികസംസ്ഥാന വിഹിതയിനത്തിലുള്ള തുക പരാമർശം (8) പ്രകാരമുള്ള നടപടിക്രമം പ്രകാരവും 2024 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ തുക പരാമർശം 6, 7 പ്രകാരവും യഥാക്രമം വിതരണം ചെയ്തിട്ടുണ്ട്.

2) 2024 ഒക്ടോബർ മാസത്തിലെ റേഷൻ വ്യാപാരിക്കമ്മീഷന്റെ അധിക സംസ്ഥാന വിഹിതം അനുവദിക്കുന്നതിനായി പരാമർശം (7) പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ശിപാർശ സമർപ്പിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "Assistance to State Agencies for FPS Dealers Margin and FPS Dealers Additional Margin under NFSA, 2013" പദ്ധതി ഘടകത്തിന് 2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര-സംസ്ഥാന-അധിക സംസ്ഥാനവിഹിത ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള 265 **കോടി(ഇരുന്നൂറ്റി അറുപത്തഞ്ച് കോടി) രൂപയ്ക്ക്** ഭരണാനുമതി നൽകിയും, 2024 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കാലയളവിൽ അധികസംസ്ഥാന വിഹിതയിനത്തിലുള്ള തുക വിതരണം ചെയ്ത പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ പരാമർശം (6) പ്രകാരമുള്ള നടപടിക്രമങ്ങൾക്ക് സാധൂകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സാക്ഷ്യപ്പെടുത്തുന്ന നടപടിക്രമം അനുസരിച്ച് ഓരോ മാസത്തെയും റേഷൻ വ്യാപാരി കമ്മീഷന്റെ അധികസംസ്ഥാന വിഹിതം (2408-01-101-91-03), പൊതു വിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് വിതരണം നടത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ,തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) തിരുവനന്തപുരം
3. ധനകാര്യ അഗ്രി(സി) വകുപ്പ്
(20/11/2024 -ലെ 2913960/ അഗ്രി സി2/72/2024- ധനപ്രകാരം )
4. ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
5. കരുതൽ ഫയൽ(ബി3/156/2024-ഭ പൊ .വി.വ)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 02-12-2024 11:15:44

സെക്ഷൻ ഓഫീസർ